"ഭരണഭാഷ – മാതൃഭാഷ"

നം. നമ്പർ: WCD/A1-5579/19

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 23.07.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

OFFICE OF THE DIRECTOR OF WOMEN AND CHILD DEVELOPMENT Thiruvananthapuram Pin-695012

## പരിപത്രം

വിഷയം : വനിതാ ശിശുവികസന വകുപ്പ്- 2020-21 ആദ്യപാദത്തിൽ അനുവദിച്ച തുക വിനിയോഗിക്കാത്തത് -തിരിച്ചടക്കുന്നത് – സംബന്ധിച്ച്:

സൂചന : 23/04/2020 ലെ WCD/A1-5579/19 നമ്പർ പരിപത്രം.

വകുപ്പിന് കീഴിൽ വരുന്ന വിവിധ കാര്യാലയങ്ങൾക്ക് 2020-21 സമ്പത്തികവർഷത്തിലെ ആദ്യപാദ അലോട്ട്മെന്റ് സൂചനപ്രകാരം അനുവദിച്ച് നല്കിയിരുന്നു. അതോടൊപ്പം ICDS കാര്യാലയങ്ങൾക്ക് "2235-02-102-47-00-06 RRT", "2235-02-102-47-00-34 OC" എന്നീ ശീർഷകങ്ങളിൽ ആദ്യപാദത്തിൽ ആവശ്യമുള്ള തുക കണക്കാക്കി അപേക്ഷ ലഭ്യമാക്കുന്നതിന് നിർദ്ദേശിക്കുകയും SCO മുഖേന ലഭ്യമായ അപേക്ഷകളിൽമേൽ തുക അനുവദിച്ച നല്കുകയും ചെയ്തിരുന്നു.

എന്നാൽ BAMS മുഖേനയുള്ള പരിശോധനയിൽ 2020-21 സാമ്പത്തിക വർഷത്തിലെ ആദ്യപാദം കഴിഞ്ഞതിനുശേഷവും ഈ കാലയളവിൽ വിനിയോഗിക്കുന്നതിന് മേല്പറഞ്ഞ ശീർങ്ങളിന്മേൽ ആവശ്യപ്പെട്ടതിൻ പ്രകാരം അനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാതെ ജില്ലാ തലത്തിൽ BIMS / BAMS നിലനിർത്തിയിരിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | BAMS/BIMS പ്രകാരം അനുവദിച്ച തുക | | BAMS/BIMS പ്രകാരം ബാക്കി നല്കുന്ന തുക | |
|---|---|---|---|---|---|
| | | 34-OC | 06-RRT | 34-OC | 06-RRT |
| 1 | തിരുവനന്തപുരം | 1,45,23,290 | 1,64,97,981 | 13,46,994 | 63,19,761 |
| 2 | കൊല്ലം | 1,09,91,346 | 50,00,000 | 66,38,130 | 6,56,326 |
| 3 | പത്തനംതിട്ട | 21,70,881 | 57,90,000 | 59,092 | 16,08,810 |
| 4 | ആലപ്പുഴ | 65,75,939 | 1,07,19,948 | 14,25,484 | 31,46,911 |
| 5 | കോട്ടയം | 59,90,594 | 74,42,034 | 31,65,290 | 23,24,256 |
| 6 | ഇടുക്കി | 35,06,826 | 16,06,896 | 22,37,040 | 9,90,454 |
| 7 | എറണാകുളം | 69,41,273 | 93,25,045 | 15,49,252 | 40,01,896 |
| 8 | പാലക്കാട് | 62,68,470 | 57,09,155 | 25,35,266 | 20,95,460 |
| 9 | മലപ്പുറം | 1,76,46,538 | 1,13,16,393 | 49,69,450 | 33,49,895 |
| 10 | കോഴിക്കോട് | 1,78,75,096 | 75,28,989 | 57,77,088 | 36,80,009 |
| ആകെ | | **9,24,90,253** | **7,60,06,493** | **2,97,03,086** | **2,66,25,677** |

SK/20

Scanned with CamScanner

ഐ.സി.ഡി.എസ് കാര്യാലയ/ അങ്കണവാടി കെട്ടിട വാടകയിനത്തിലും, അങ്കണവാടി ജീവനക്കാരുടെ യാത്രാബത്തയിനത്തിലും ആവശ്യപ്പെട്ടതനുസരിച്ച് ആദ്യപാദ ചിലവുകൾക്കായി അനുവദിച്ച നൽകിയിരുന്ന തുകയിൽമേൽ സമയബന്ധിതമായി ബില്ലുകൾ തയ്യാറാക്കി നൽകുവാൻ എല്ലാ DDO മാരോടും നിർദ്ദേശിച്ചിരുന്നെങ്കിലും ആവശ്യാനുസരണം ലഭ്യമാക്കിയ തുക ചെലവഴിക്കാതെ കാര്യാലയങ്ങളിൽ സൂക്ഷിച്ചിട്ടുള്ളത് അംഗീകരിക്കാൻ കഴിയുന്നതല്ല.

ഓരോ ശീർഷകങ്ങളിന്മേൽ ബഡ്ജറ്റിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുകയിൽ നിന്നും ഓരോ പാദത്തിലും നിശ്ചിത ശതമാനം തുക മാത്രമേ വിനിയോഗിക്കാവൂ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ചില കാര്യാലയങ്ങൾ അധികമായി തുക സൂക്ഷിച്ചിരിക്കുന്നതുമൂലം, തുക ആവശ്യമുള്ള മറ്റ് കാര്യാലയങ്ങൾക്ക് തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.

മേൽ സാഹചര്യത്തിൽ എല്ലാ ശിശുവികസനപദ്ധതി ആഫീസർമാരും ആദ്യപാദ ചെലവുകൾക്കായി അനുവദിച്ച നൽകിയ തുകയിൽ ബാക്കി നിൽക്കുന്ന തുക ജൂലൈ 25 നകം സറണ്ടർ ചെയ്യേണ്ടതാണ്. തുടർന്ന് രണ്ടാം പാദത്തിൽ മേല്പറഞ്ഞ ശീർഷകങ്ങളിൽമേൽ ആവശ്യമുള്ള തുക കൃത്യമായി കണക്കാക്കി പുതുക്കിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കീഴ് കാര്യാലയങ്ങളിൽ നിന്നും അലോട്ട്മെന്റിനായി ലഭ്യമാക്കുന്ന അപേക്ഷകളിന്മേൽ വേണ്ട പരിശോധനകൾ നടത്തി ഓരോ മാസത്തിലും / ഓരോ പാദവർഷത്തിലും ആവശ്യമായ തുക മാത്രം ശുപാർശ ചെയ്ത് നൽകുകയും അതിൻ പ്രകാരം ലഭ്യമാകുന്ന തുക യഥാസമയം വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്.

SFO

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

എല്ലാ കീഴ് കാര്യാലയമേധാവികൾക്കും
എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

പകർപ്പ്: 1. സൂപ്രണ്ട്, ഐ.റ്റി സെൽ
2. സ്റ്റോക്ക് ഫയൽ

SK/20

Scanned with CamScanner